**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് വിദേശ രാജ്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനും മറ്റ് സഹായങ്ങൾ നൽകുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നു; | (എ) | കോവിഡ് കാലത്ത് നോർക്ക സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. കോവിഡ് റെസ്പോൺസ് സെൽ:- പ്രവാസി സമൂഹത്തിന്റെ സാഹചര്യം മനസ്സിലാക്കുന്നതിനും അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും 24.03.2020-ന് നോർക്ക റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു. നിരവധി പ്രവാസി മലയാളികൾ അയക്കുന്ന പരാതികൾ അതത് ഇന്ത്യൻ മിഷനുകളുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ കഴിഞ്ഞു. 2. നോർക്ക ഹെൽപ്പ് ഡെസ്ക് :- കോവിഡ് 19 കാലത്ത് വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശരാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. 3. ഡോക്ടർമാരുടെ സേവനം:- വിദേശത്ത് അസുഖബാധിതരായവർക്ക് ഓൺലൈൻ വൈദ്യോപദേശം/ഡോക്ടറെ നേരിട്ട് വിളിക്കാനുള്ള സൗകര്യം ഏർപ്പാടാക്കി 4. മരുന്നെത്തിക്കൽ:- വിദേശങ്ങളിൽ അവശ്യ മരുന്നുകൾ എത്തിക്കാൻ എയർ കാർഗോ/ കൊറിയർ മുഖേന 25 ശതമാനം ഡിസ്കൗണ്ട് നിരക്കിൽ സംവിധാനം ഏർപ്പെടുത്തി. 5. ധനസഹായം:- കോവിഡ് 19 മൂലമുള്ള ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാതിരുന്ന ജോബ് വിസയുള്ളവർക്ക് 5,000/- രൂപ ധനസഹായം ഏർപ്പെടുത്തി. 6. ചികിത്സാസഹായം:- നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ പ്രവാസി മലയാളികൾക്ക് ചികിത്സാസഹായമായി 10,000/- രൂപ വീതം അനുവദിച്ചു. 7. എയർപോർട്ടുകളിൽ കോവിഡ് പരിശോധന:- വിദേശരാജ്യങ്ങളിൽ നിന്നും എത്തുന്ന പ്രവാസികൾക്ക് കേരളത്തിലെ നാല് എയർപോർട്ടുകളിലായി കോവിഡ് |

| | | | |
|---|---|---|---|
| | | | പരിശോധന സജ്ജമാക്കി. 8. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിയ സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:- കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ചു വന്നിരുന്ന 14218 പേർക്ക് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) 1000/- രൂപ (ആയിരം രൂപ മാത്രം) ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ തന്നെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമ നിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധന സഹായമായ 10,000/- രൂപ വീതവും ബോർഡ് നൽകി വരുന്നുണ്ട്. |
| (ബി) | പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രവാസികൾക്ക് വേണ്ടി ഈ പ്രതിസന്ധി ഘട്ടത്തിൽ മറ്റ് ഏതെല്ലാം ഇനത്തിലാണ് സർക്കാരിന് ചെലവ് വന്നിട്ടുള്ളത്; ആകെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ? | (ബി) | പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സർക്കാർ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്സ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000/- രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ അപേക്ഷകർക്കും തുക വിതരണം പൂർത്തിയാക്കാനായി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ 44 പ്രവാസി മലയാളികൾക്ക് 10,000/- രൂപ വീതം ചികിത്സാസഹായമായി ആകെ 4,40,000 രൂപ വിതരണം ചെയ്തു. കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2020 ഡിസംബർ മാസം വരെ 1.65 കോടി രൂപ കോവിഡ് സഹായമായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ